(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ലാന്റ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഉടമസ്ഥാവകാശം സംബന്ധിച്ച എത്ര കേസുകളിൽ തീർപ്പുകല്പിക്കാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് എത്ര കേസുകൾ തീർപ്പാകാതെ അവശേഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകൾ കാലതാമസം ഒഴിവാക്കി തീർപ്പുകല്പിക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഹൈക്കോടതി ജഡ്ജിമാരുമായി കൂടിയാലോചിച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ലാന്റ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാണ്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് 67587 കേസുകൾ തീർപ്പുകല്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 21456 കേസുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

(ഇ) ഇല്ല.

(എഫ്) കെ.എൽ.ആർ. ആക്ട് പ്രകാരമുള്ള കേസുകളുടെ നടത്തിപ്പിനായി ഹൈക്കോടതിയിൽ രണ്ടു ഗവൺമെന്റ് പ്ലീഡർമാരെ പ്രത്യേകം നിയമിച്ചിട്ടുണ്ട്. വളരെ കാര്യക്ഷമതയോടുകൂടി കേസുകൾ തീർപ്പുകല്പിക്കാൻ ഹൈക്കോടതിയെ അവർ സഹായിക്കുന്നുണ്ട്.

സ്വകാര്യ വൃദ്ധസദനങ്ങൾ

13 (*420) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനേകം സ്വകാര്യസംരംഭകർ വൃദ്ധസദനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃദ്ധ സദനങ്ങളുടെ നിലവാരം, വേതന ജീവനക്കാരുടെ സേവന വ്യവസ്ഥകൾ മുതലായവ നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്വകാര്യ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇങ്ങനൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യ തൊഴിലാളികളുടെ കൈവശഭൂമിക്ക് പട്ടയം

14 (*421) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ജെ. മെഴ്സികുട്ടിയമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തീരദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പട്ടയത്തിന് അർഹരായ തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം വിതരണം ചെയ്യാനുള്ള നടപടികൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് തടസ്സം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(എഫ്) എങ്കിൽ അടുത്ത ഒരു വർഷത്തിനകം എത്ര മത്സ്യത്തൊഴിലാളികൾക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകാനാവുമെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ ഇ. ഇസ്മയിൽ) :

(എ) 29-12-1999-ൽ റവന്യൂ വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാർ, ഡയറക്ടർമാർ എന്നിവർ ഒരു യോഗം ചേരുകയും ഈ വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊള്ളുകയുമുണ്ടായി.

1. മത്സ്യത്തൊഴിലാളികളുടെ കൈവശമുള്ളതും സർവ്വേ നടത്താത്തതുമായ ഭൂമി ഉടൻ സർവ്വേ നടത്തി സർവ്വേ നമ്പർ നൽകും.

2. തീരപ്രദേശത്തുള്ള സർക്കാർ പുറംപോക്ക് ഭൂമിക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകും.

LIBRARY ARCHIVES Kerala Legislative Assembly